# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2455 19.06.2013-ൽ മറുപടിക്ക്**

## ആലപ്പുഴ ജില്ലയിലെ കടിവെള്ള ക്ഷാമം

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലപ്പുഴ ജില്ലയിൽ കടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ആലപ്പുഴജില്ലയിലെ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ഏഴുപുന്ന, കോടാംതുരുത്ത്, കുത്തിയതോട്, പട്ടണക്കാട്, തുറവൂർ, കടക്കരപ്പള്ളി അരൂർ അരൂക്കുറ്റി, പാണാവള്ളി, പെരുമ്പളം, പള്ളിപ്പുറം, തൈക്കാട്ടുശ്ശേരി, തണ്ണീർമുക്കം, മുഹമ്മ, മാരാരിക്കുളം നോർത്ത്, ചേർത്തല സൗത്ത്, കഞ്ഞിക്കുഴി, ചെറിയനാട്, ആല, വെൺമണി, മുളക്കുഴ, പുലിയൂർ, ബുധനൂർ, പാണ്ടനാട്. തഴക്കര, വള്ളിക്കുന്നം, തെക്കേക്കര, മുതുകുളം പഞ്ചായത്തിലെ 11,12,13 വാർഡുകൾ, കണ്ടല്ലൂർ പഞ്ചായത്തിന്റെ വടക്ക പ്രദേശങ്ങൾ, പത്തിയൂർ പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങൾ, തൃക്കുന്നപ്പുഴ പഞ്ചായത്തിലെ 4,5,6,7 എന്നീ വാർഡുകൾ, ദേവികുളങ്ങര പഞ്ചായത്തിലെ വാർഡ് 2 എന്നിവിടങ്ങളിൽ ഭാഗികമായും, മാരാരിക്കുളം സൗത്ത്, മണ്ണഞ്ചേരി എന്നീ പഞ്ചായത്തുകളിൽ രൂക്ഷമായും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കൂടാതെ കുട്ടനാട് താലൂക്കിലെ കൈനകരി, കാവാലം, നീലംപേരൂർ, നെടുമുടി, പുളിങ്കുന്ന് എന്നീ പഞ്ചായത്തുകളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചി- ട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ചേർത്തല താലൂക്കിൽ പൈപ്പ് ലൈൻ ഇല്ലാത്ത പ്രദേശത്ത് വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ നടന്നു വരുന്നു.<br>കുട്ടനാടിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ഒരു സമഗ്രകുടിവെള്ള പദ്ധതി JICA സഹായത്തോടെ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. മണ്ണഞ്ചേരി മാരാരിക്കുളം സൗത്ത് പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതും UIDSMMT പദ്ധതിയിൽ പ്പെടുത്തി നടപ്പിലാക്കി വരുന്നതുമായ ആലപ്പുഴ നഗരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>പുതിയ കുഴൽക്കിണറുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുക, പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക, പുതിയ പമ്പ് സെറ്റുകൾ സ്ഥാപിച്ച് പമ്പിംഗിനുള്ള തടസ്സം കുറയ്ക്കുക, തുടങ്ങിയ പ്രവൃത്തികൾക്ക് DRW - 2013 ൽ പ്പെടുത്തി അംഗീകാരം നൽകുകയും നടപ്പാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരികയും ചെയ്യുന്നു. നിലവിലുള്ള പദ്ധതികളിൽ നിന്നും വാൽവുകൾ നിയന്ത്രിച്ച് ജലക്ഷാമം ഉള്ള പ്രദേശങ്ങളിൽ ജലവിതരണം നടത്തി വരുന്നു. കൂടാതെ കുട്ടനാട് താലൂക്കിൽ പ്പെടുന്ന പൈപ്പ് ലൈൻ ഇല്ലാത്ത പഞ്ചായത്തുകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജല അതോറിറ്റിയുടെ പ്ലാന്റിൽ നിന്നും ശേഖരിക്കുന്ന ശുദ്ധീകരിച്ച ജലം ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ